LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം

119 (2952) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) നിയമനത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(സി) സ്വകാര്യ എയ്ഡഡ് കോളേജിൽ ജോലി ചെയ്യുന്ന ആളെ വകുപ്പ് ഡയറക്ടർ ആക്കിയത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് അറിയിക്കാമോ;

(ഡി) ഇത്തരം നിയമനങ്ങളെ സംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിക്കെതിരാണ് ഈ നിയമനം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഡയറക്ടറുടെ നിയമനത്തെ സംബന്ധിച്ച് ഗവർണ്ണർ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നിലപാട് സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം റഗുലറൈസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഉണ്ട്.

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

120 (2953) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിൻ കീഴിൽ നിലവിൽ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ന്യനപക്ഷ പ്രമോട്ടർമാരെ പുനർനിയമിക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ന്യനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് സി.എ./ഐ.സി.ഡബ്ല്യു.എ./ സി.എസ്. സ്കോളർഷിപ്പ് പദ്ധതി, കരിയർ ഗൈഡൻസ് പ്രോഗ്രാം.

നിർധനരായ ന്യനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.

ന്യനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ. കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.

ന്യനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി.

ന്യനപക്ഷ മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനുള്ള ഫെല്ലോഷിപ്പ് പദ്ധതി.

ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് ലഭിച്ച, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള കാഷ് അവാർഡ്.

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായ പദ്ധതി.

സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം-കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റ് പദ്ധതി.

ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്കുള്ള കാഷ് അവാർഡ്.

(സി ആന്റ് ഡി) ന്യനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിവിധ ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാറുണ്ട്. 2016-17 ബഡ്ജറ്റിൽ ന്യനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 3.5 കോടി രൂപയും വൈദഗ്ധ്യ വികസനത്തിനായി 4 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്.